# മോഷ്ടാവ് പിടിയിൽ

മരാമത്തു പണിക്കുള്ള സാധനസാമഗ്രികൾ മോഷണം ചെയ്തയാളെ വരാപ്പുഴ പോലീസ് അറസ്റ്റ് ചെയ്തു. ആലങ്ങാട് തിരുമുപ്പം ഭാഗത്ത് ചെട്ടിപ്പറമ്പിൽ മോഹനനാണ് (77) അറസ്റ്റിലായത്. വരാപ്പുഴ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ വർക്ക്സൈറ്റിൽ നിന്നും ഒരു ലക്ഷത്തോളം രൂപ വില വരുന്ന സാധനസാമഗ്രികളാണ് ഇയാൾ മോഷ്ടിച്ചത്. വർക്ക് കോൺട്രാക്ടറുടെ പരാതിയിൽ വരാപ്പുഴ പോലീസ് കേസ്സെടുത്ത് അന്വേഷണം നടത്തുന്നതിനിടെയാണ് അറസ്റ്റിലാകുന്നത്. വരാപ്പുഴ പോലീസ് ഇൻസ്പെക്ടർ എം.മഹേന്ദ്രസിംഹൻ, എസ്.ഐ അജേഷ്, എ.എസ്.ഐ എ.ബി.സുനിൽകുമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർ ഹബീബ് എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത് .ഇയാളെ ഇന്ന് കോടതിയിൽ ഹാജരാക്കും.